പി.എഫ്. വിഹിതം മുതലായവ അടയ്ക്കാത്തതിനെ സംബന്ധിച്ച് പ്രത്യേകം പരാതികൾ നിലവിലില്ല. ആയതിനാൽ ഇപ്രകാരമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണം ആവശ്യമില്ലാത്തതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം പെൻഷൻ ബോർഡിൽ ഒടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 44/2012-ാം നമ്പർ സർക്കുലർ നിലവിലുള്ളതാണ്. ഈ സാഹചര്യത്തിൽ ഒരു പൊതു നിർദ്ദേശം നല്കേണ്ട ആവശ്യമില്ല.

ത്രിവേണി-നന്മ സ്റ്റോറുകൾ

104 (444)<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ത്രിവേണി-നന്മ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് നന്മ സ്റ്റോറുകൾ 584/16
ആരംഭിച്ചിട്ടുള്ളത് ;

(സി) ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ആവശ്യകത നോക്കി ത്രിവേണി സ്റ്റോറുകളും, നന്മ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൺസ്യൂമർഫെഡ് ആരംഭിച്ച ത്രിവേണി-നന്മ സ്റ്റോറുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഏറനാട് മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(സി) പുതുതായി ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly